# മലപ്പട്ടം ഗ്രാമപഞ്ചായത്ത്

# വാർഷിക ബഡ്ജറ്റ് 2026-27

മാന്യരെ,

മലപ്പട്ടം ഗ്രാമപഞ്ചായത്ത് 2026-27 വർഷത്തെ ബഡ്ജറ്റാണ് അഭിമാനപൂർവ്വം ഞാനിവിടെ അവതരിപ്പിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിന് ആമുഖ പ്രഭാഷണം നടത്തിയ ബഹു.ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.പി പി ലക്ഷ്മണൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ആസൂത്രണസമിതി അംഗങ്ങൾ, ഘടക സ്ഥാപന മേധാവികൾ, ജീവനക്കാർ, തുടങ്ങി ഈ ബഡ്ജറ്റ് അവതരണത്തിന് ഇവിടെ എത്തിച്ചേർന്ന നിങ്ങൾ ഏവരെയും 2026-27 ബഡ്ജറ്റ് അവതരണത്തിലേക്ക് ഒരിക്കൽ കൂടി സ്വാഗതം ചെയ്യുന്നു.

കണ്ണൂർ ജില്ലയുടെ മധ്യഭാഗത്ത് മലയോര മേഖലയോട് ചേർന്ന് കിടക്കുന്ന ഇടനാട് പ്രദേശം പൂർണ്ണമായും ഗ്രാമീണ സ്വഭാവമുള്ള പഞ്ചായത്താണ് മലപ്പട്ടം .മൂന്നു ഭാഗവും പുഴകളാൽ ചുറ്റപ്പെട്ട കാർഷീക പ്രധാന മേഖലയാണ് . 14 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ വലിയ വ്യവസായ സംരംഭങ്ങളോ, പട്ടണങ്ങളോ ഇല്ലാത്ത പൂർണ്ണമായും ഗ്രാമീണ സ്വാഭാവമുള്ള പഞ്ചായത്താണ് മലപ്പട്ടം. അതുകൊണ്ടു തന്നെ തനതു വരുമാനം വളരെ കുറഞ്ഞ പഞ്ചായത്താണ് നമ്മുടേത്. ഈ പരിമിതികൾ എല്ലാം ഉണ്ടെങ്കിലും നമ്മുടെ ഗ്രാമപഞ്ചായത്ത് വിവിധ മേഖലയിൽ വികസനരംഗത്ത് വലിയ മുന്നേറ്റം മുൻ വർഷങ്ങളിൽ ഉണ്ടാക്കാൻ നമുക്ക് സാധിച്ചത് അഭിമാനകരമാണ് . നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന പരിമിതമായ ഫണ്ടുകൾക്ക് പുറമെ MLA ഫണ്ട് അതോടൊപ്പം മറ്റ് വിവിധ സ്രോതസ്സിൽ നിന്നും ഫണ്ടുകൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. മലപ്പട്ടം ഫാമിലി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം, കമ്മ്യൂണിറ്റി ഹാൾ, കമ്മ്യൂണിറ്റി ഹാളിനു കിച്ചൺ മുറ്റം ഇൻറ്റർ ലോക്ക്, ഹൈസ്കൂൾ വെയ്റ്റിങ് ഷെൽട്ടർ ,നിരവധി റോഡുകൾ , മുനമ്പ് കടവ് ടൂറിസം പദ്ധതി എന്നിവ എടുത്ത് പറയേണ്ട പ്രവർത്തികളാണ്. ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിന്റെ എല്ലാ ജനസേവന മേഖലകളിലും റോഡ് സൌകര്യം നേടാനായിട്ടുണ്ട്. ആരോഗ്യരംഗത്ത് വിസ്മയകരമായ വിപ്ലവമാണ് മലപ്പട്ടത്തിന്റേത്. മലപ്പട്ടം ഫാമിലി ഹെൽത്ത് സെന്ററും അന്താരാഷ്ട്ര നിലവാരത്തിലേക്കുയരുന്ന ഗവ.ഹയർ സെക്കന്ററി സ്കൂളും, സംസ്ഥാനത്തെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥാപനമാക്കാൻ നമുക്ക് കഴിഞ്ഞു. ലൈഫ് ഭവന പദ്ധതി പ്രകാരം കണ്ടെത്തിയ വീടില്ലാത്ത 60 പേരിൽ ഇതിനോടകം 59 പേർക്ക് വീട് നൽകുവാനും കഴിഞ്ഞു. ഈ വർഷം 5 പേർക്ക് കൂടി നൽകുന്നതോടെ ഒരു വീട് എന്ന സ്വപനം

സാക്ഷാത്കരിക്കുന്നതിൽ ജനങ്ങളെ സഹായിക്കുവാൻ മലപ്പട്ടം ഗ്രാമപഞ്ചായത്തിന് സാധ്യമായി എന്ന് നമുക്ക് അഭിമാനിക്കാം.

'പരിമിതമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം' എന്നാതാണ് ഈ ബഡ്ജറ്റ് ലക്ഷ്യം വെക്കുന്നത്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക, പെർമിറ്റ് ഫീ എന്നിവയാണ് പ്രധാന തനത് വരുമാനം. ഈ സാമ്പത്തിക വർഷം നികുതികൾ 85% പിരിച്ചെടുക്കുന്നതിനും വികസനഫണ്ട് നാളിതുവരെ അലോട്ട്മെന്റ് ലഭിച്ച തുക നല്ല നിലയിൽ ചെലവഴിക്കുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. ഇതിനായി ആത്മാർത്ഥമായി പ്രയത്നിച്ച എല്ലാ ജീവനക്കാരെയും നിർവ്വഹണ ഉദ്യോഗസ്ഥരേയും പഞ്ചായത്ത് ഭരണസമിതിക്ക് വേണ്ടി അഭിനന്ദിക്കുന്നു. ഈ വർഷവും സമ്പൂർണ്ണ നികുതി പിരിവും ചെലവ് പുരോഗതിയും ലക്ഷ്യമിടുന്നു. അതോടൊപ്പം തനത് ഫണ്ട് വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനവും നമുക്ക് തുടരേണ്ടതുണ്ട്. എന്നിരുന്നാലും നിലവിലുള്ള നികുതിയുടെ 5% ഓരോ വർഷവും വർദ്ധിപ്പിക്കുവാനുള്ള സർക്കാർ തീരുമാനവും സേവന നികുതി 7% കൂട്ടിയതും നമുക്ക് ചെറിയ ആശ്വായമായിട്ടിണ്ട്. പുതിയ കെട്ടിടങ്ങൾക്ക് 8 രൂപ നിരക്കിൽ നികുതി വർദ്ധിപ്പിച്ചത് നമുക്ക് ഏറെ ആശ്വാസമാണ്. ഇതോടെ മൈനസ് പഞ്ചായത്ത് എന്ന നിലയിൽ നിന്ന് നമുക്ക് മാറാനായിട്ടുണ്ട്.

2026-27 സാമ്പത്തിക വർഷം നികുതി വരവായി 43,50,000/-രൂപയും നികുതിയേതര വരവിനത്തിൽ 49,89,550/-രൂപയും ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 84,00,000/-രൂപയും വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റായി 1,31,32,000/- രൂപയും റോഡ് അറ്റകുറ്റപണിക്കായി 1,40,14000/-രൂപയും റോഡിതര അറ്റകുറ്റപണികൾക്കായി 4375000/-രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 1000000/-രൂപയും തൊഴിലുറപ്പ് പദ്ധതിക്ക് 4,20,0,5070/-രൂപയും ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതമായി 4903280/-രൂപയും മറ്റ് വിവിധ വരവുകളായി 10,00000/-രൂപയും ചേർന്ന് ആകെ വരവ് 9,81,68,900/-രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് സാമൂഹ്യസുരക്ഷാപെൻഷൻ ഉൾപ്പെടെ 13,17,67,599/-രൂപ വരവ് പ്രതീക്ഷിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും വിലയേറിയ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തയ്യാറാക്കിയ ഈ ബഡ്ജറ്റ് നിങ്ങളുടെ സജീവ ചർച്ചകൾക്കും നിർദ്ദേങ്ങൾക്കുമായി സമർപ്പിക്കുന്നതിന് അതിയായ സന്തോഷമുണ്ട്. മലപ്പട്ടത്തെ മലപ്പട്ടമാക്കുന്നത് കാർഷികമേഖലയാണ്.

ബഡ്ജറ്റിന് ഉത്പാദന മേഖലയ്ക്ക് മതിയായ പരിഗണന നൽകുന്നു എന്നത് സസന്തോഷം പങ്കുവെക്കുന്നു. നെൽകൃഷി വികസനം, ജൈവ പച്ചക്കറി ഉത്പാദനം , ചെറുധാന്യ പയർ വർഗ്ഗ വിത്ത് വിതരണം, ബയോഫെർട്ടിലൈസർ വിതരണം തരിശുഭൂമി കൃഷിയോഗ്യമാക്കുക തുടങ്ങിയ സുപ്രധാന പദ്ധതിക്കായി ഉത്പാദന മേഖലയിലേക്ക് 91,82,250/-രൂപ വകയിരുത്തുന്നു.

സേവനമേഖലയ്ക്കും മികച്ച പ്രാധാന്യം നൽകിയിട്ടുണ്ട്. ഫാമിലി ഹെൽത്ത് സെന്റർ ഉൾപ്പെടെ എല്ലാ ആരോഗ്യ മേഖലയിലും മികച്ച രീതിയിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെ സേവന മേഖലയിൽ ആകെ 1,38,18,340/-രൂപ വകയിരുത്തുന്നു.

പഞ്ചായത്തിലെ പരമാവധി റോഡുകൾ മെച്ചപ്പെടുത്തുന്നതിന് പശ്ചാത്തല മേഖലയ്ക്ക് മുൻഗണന നൽകി ആകെ 1310000/-രൂപ വകയിരുത്തുന്നു.

ദാരിദ്ര ലഘൂകരണ പദ്ധതിക്ക് മികച്ച പ്രാധാന്യം നൽകിയിട്ടുണ്ട് 3111200/-രൂപ വകയിരുത്തുന്നു. കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവർക്ക് വേണ്ടി സ്കോളർഷിപ്പ്,

കലാകായിക മേള, പഠനമുറി, ബാലസഭ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കായി 99180/-രൂപ വകയിരുത്തുന്നു.

വയോജന സാന്ത്വന പരിചരണം എന്നിവയുടെ പദ്ധതിക്ക് നടപ്പിലാക്കുന്നതിനായി 6,30,500/-രൂപ വകയിരുത്തുന്നു.

വനിത ഘടക പദ്ധതി മേഖലയിൽ സ്വയം തൊഴിൽ , വനിത കലാമേള, വനിതകൾക്ക് ഫിറ്റ്നസ് സെന്റർ എന്നിങ്ങനെ വിവിധ പദ്ധതികൾക്കായി 1234560/- രൂപ വകയിരുത്തുന്നു.

പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെടുത്തി വീട് വാസയോഗ്യമാക്കുക പഠനമുറി ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി 14,30,0000/-രൂപ വകയിരുത്തുന്നു.

കുടിവെള്ള ശുചിത്വ മേഖലയ്ക്കും ഫണ്ടുകളുടെ ലഭ്യതക്കനുസരിച്ച് പ്രാധാന്യം നൽകിയിട്ടുണ്ട്. മാലിന്യ മുക്ത പഞ്ചായത്താക്കാനും ഹരിതാഭ പടർത്താനും നാം തുടങ്ങിയ ഹരിതം നിർമ്മലം പദ്ധതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തി മുന്നോട്ടു പോവുകയാണ്. മുഴുവൻ വീടുകളിലും റിംഗ് കംമ്പോസ്റ്റ്, മലിനജലക്കുഴി എന്നിവയും നൽകി വരുന്നു. ശുചിത്വ മാലിന്യ പരിപാലനത്തിനായി 9,40,000/-വകയിരുത്തുന്നു.

തൊഴിലുറപ്പ് പദ്ധതിയെ പരമാവധി പ്രയോജനപ്പെടുത്തി മണ്ണ്-ജല സംരക്ഷണ പദ്ധതിക്കും അടിസ്ഥാന സൌകര്യ വികസന പദ്ധതിക്കും നേതൃത്വം കൊടുത്ത് വികസനത്തിനൊരുങ്ങാൻ ഈ ബഡ്ജറ്റ് ശ്രദ്ധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ 42005070 രൂപ പ്രതിവാർഷിക വരവ് പ്രതീക്ഷിക്കുന്നു.

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തികരിക്കുന്നതിനും അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനും ഉദ്യോഗ ജനപ്രതിനിധി കൂട്ടായ്മ വളരെ അത്യാവശ്യമാണ്. നാളിതുവരെ നിങ്ങൾ നൽകിയ നിസ്വാർഥ സേവനം തുടർന്നും എല്ലാവരിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുൻ ബാക്കി ഉൾപ്പെടെ ആകെ 13,17,67,599/-രൂപ വരവും 13,04,88,009/- രൂപ ചെലവും 12,79,590/-രൂപ മിച്ചമുള്ള 2026-27 വർഷത്തേക്കുള്ള ബഡ്ജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

നമ്മുടെ സാമ്പത്തിക വിഭവം പരിമിതമാണെന്ന് നമുക്കറിയാം. എന്നാൽ പ്രബുദ്ധരും, സാമൂഹിക ബോധവും കൈമുതലാക്കിയ പൊതു സമൂഹം മലപ്പട്ടത്തിന്റെ കരുത്താണ്. ജനകീയ പങ്കാളത്തത്തിലൂടെ നമുക്ക് പലതു നേടിയെടുക്കാനാകും എന്ന് നമ്മൾ തെളിയിച്ചിട്ടുണ്ട്. ജനങ്ങളാണ് നമ്മുടെ കരുത്ത്. ആ കരുത്തിനെ ആവേശമാക്കി നമുക്ക് മുന്നോട് പോവാൻ കഴിയണം ഭരണസമിതിയും ഉദ്യോഗസ്ഥരും ജനങ്ങളും തോളോട്ടു തോൾ ചേർന്ന് പ്രവർത്തിച്ചാൽ നമ്മുടെ പഞ്ചായത്തിനെ വികസന രംഗത്ത് മുൻ നിരയിൽ എത്തിക്കാൻ സാധിക്കും എന്നതിന് സംശയമില്ല. അതിനായി എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു. എല്ലാവർക്കും നന്മകൾ നേർന്നുകൊണ്ട് ഈ ബഡ്ജറ്റ് നിങ്ങൾക്ക് മുമ്പാകെ സമർപ്പിക്കുന്നു.

എല്ലാവർക്കും നന്മകൾ നേർന്നു കൊള്ളുന്നു.

സസ്നേഹം

പി വാസന്തി,

വൈസ് പ്രസിഡന്റ് മലപ്പട്ടം ഗ്രാമപഞ്ചായത്ത്